**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **12-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |
| (സി) | പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (സി) | കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാനാണ് നിലാവ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 668 ഗ്രാമ പഞ്ചായത്തുകളും (PRIs) 45 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 713 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും സംയുക്ത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുള്ള ആവശ്യകതയിൽ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച രണ്ടു ലക്ഷം എണ്ണം കഴിച്ച് ബാക്കി രണ്ടാം ഘട്ടത്തിലേക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകതയാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് |

| | | | |
|---|---|---|---|
| | | | 25.08.2021 ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി.എൽ, ഇ.ഇ.എസ്.എൽ. ന് ലെറ്റർ ഓഫ് ഇന്റെന്റ് (LoI) നൽകിയിട്ടുണ്ട്. ഓർഡർ സ്വീകരിച്ച് LED തെരുവുവിളക്കുകളുടെ സപ്ലൈ ഇ. ഇ. എസ്. എൽ. എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പഞ്ചായത്ത് / മുനിസിപ്പാലിറ്റി | പാക്കേജുകളുടെ എണ്ണം | സംയുക്ത പരിശോധനയിൽ സ്ഥാപിക്കാവുന്ന സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് | | ബാക്കി സ്ഥാപിക്കുവാനുള്ളത് | | | |
|---|---|---|---|---|---|---|---|---|---|
| | | | | 18 W | 35 W | 18 W | 35 W | 70W | 110w |
| 1 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 5 | 2500 | 231 | 1050 | 1119 | 0 | 50 | 50 |
| 2 | തെക്കുകര പഞ്ചായത്ത് | 1 | 500 | 0 | 200 | 300 | 0 | 0 | 0 |
| 3 | അവണ്ണൂർ പഞ്ചായത്ത് | 2 | 1000 | 286 | 400 | 214 | 0 | 50 | 50 |
| 4 | കൈപറമ്പ് പഞ്ചായത്ത് | 1 | 500 | 236 | 200 | 14 | 0 | 25 | 25 |
| **ആകെ** | | **9** | **4500** | **753** | **1850** | **1647** | **0** | **125** | **125** |

സെക്ഷന് ഓഫീസര്

Annexure-B

| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം |
|---|---|
| വടക്കാഞ്ചേരി മുനിസിപ്പാലിറ്റി | 1281 |
| തെക്കുംകര പഞ്ചായത്ത് | 200 |
| അവണൂർ പഞ്ചായത്ത് | 686 |
| കൈപറമ്പ് പഞ്ചായത്ത് | 436 |
| **ആകെ** | **2603** |